# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3043** **19.06.2018 ൽ മറുപടിയ്ക്ക്**

## കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി.സി.കെ. ആശ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | എ) കാർഷിക സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളുടെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സുഗന്ധ വ്യഞ്ജനങ്ങൾ ഒഴികയുള്ള എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 5 ലക്ഷം മുതൽ 50 ലക്ഷം വരെ (പരമാവധി 50% നിരക്കിൽ) കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും വേണ്ടി ചിലവാകുന്ന തുക ധനസഹായമായി SFAC മുഖാന്തിരം നൽകുന്നു. |
| ബി) വൈഗ മൂല്യവർദ്ധന ശില്പശാലയിൽ ഉരുത്തിരിഞ്ഞു വന്ന പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുമോ; | ബി) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുക, ഗവേഷണ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, ദേശീയ അന്തർദേശീയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരണം ശക്തിപ്പെടുത്തി സാങ്കേതിക വിദ്യ ശാക്തീകരിക്കുക, മൂല്യവർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകൾ ആയും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായും |

രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാന്റിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കിക, SFAC, SAMETI, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിങ്ങ് എന്നിവ ശാക്തീകരിക്കുക, നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി കോ- ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് വൈഗ അന്തർദേശീയ ശില്പശാലയിൽ ഉരുത്തിരുഞ്ഞു വന്ന ആശയങ്ങൾ.

സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

സി) തൃശ്ശൂർ ജില്ലയിൽ വച്ച് നടത്തിയ വൈഗ ഡിസംബർ 2017- ൽ ഉയർന്നു വന്ന ആശയങ്ങളിൽ മേൽ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന സർക്കാരിൽ സമർപ്പിച്ച 1575 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭകരെ കൂടുതലായി കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും, ഇതിനായി പദ്ധതി ചെലവിന്റെ 50% പരമാവധി 50 ലക്ഷം രൂപ വരെ ഒരു സംരംഭത്തിന് വായ്പ ബന്ധിത ധനസഹായമായി നൽകി വരുന്നു.

ഡി) കാർഷിക സംരംഭകരാകാൻ കടന്നുവരുന്ന വ്യക്തികൾക്ക് ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് സർക്കാർ നല്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡി) കാർഷിക സംരംഭകരാകാൻ കടന്നു വരുന്ന വ്യക്തികൾക്ക് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, സംസ്കരിക്കുന്നതിനും, വിപണനം നടത്തുന്നതിനുമുള്ള സ്ഥലസൗകര്യങ്ങൾ അഗ്രോ പാർക്കുകളെന്ന സംവിധാനത്തിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ SFAC മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് 25 ലക്ഷം മുതൽ 10 കോടി വരെ ചിലവ് വരുന്ന

സംരംഭങ്ങൾക്ക് കെട്ടിടം- യന്ത്ര സാമഗ്രികൾക്കും ചിലവാകുന്ന തുകയുടെ 50% പരമാവധി 50 ലക്ഷം രൂപ രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നു. അതുപോലെ തന്നെ സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾക്ക് (25 ലക്ഷം രൂപയ്ക്ക് താഴെ ചിലവ് വരുന്നവ) 50% പരമാവധി 10 ലക്ഷം രൂപയും സബ്സിഡിയായി നൽകുന്നു. കുടുംബശ്രീ മുഖേന കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്.

മേൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി ആകെ പദ്ധതി ചിലവിന്റെ 1% പരമാവധി 50,000/- രൂപ ധനസഹായം നൽകുന്നു.

Mayaf

**സെക്ഷൻ ഓഫീസർ**